LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ശബ്ദമലിനീകരണ നിയന്ത്രണ ചട്ടങ്ങൾ കർശനമായി പാലിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 28-4-2015-ലെ സ.ഉ. (അച്ചടി) നമ്പർ 06/2015/പരി. നമ്പരായി പരിസ്ഥിതി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുറപ്പെടുവിക്കപ്പെടുന്ന ശബ്ദത്തിന്റെ തീവ്രത അനുവദനീയ പരിധിക്കുള്ളിലാണോ എന്ന് പരിശോധിക്കാനുള്ള ചുമതല പരിസ്ഥിതി വകുപ്പിന്റെ കീഴിൽ വരുന്ന സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനാണുള്ളത്. വാഹനങ്ങൾ മൂലമുള്ള ശബ്ദമലിനീകരണം നിയന്ത്രിക്കാനുള്ള ചുമതല വാഹന വകുപ്പിനും ഉച്ചഭാഷിണി മൂലമുള്ള ശബ്ദശല്യം നിയന്ത്രിക്കുന്നതിനുള്ള ചുമതല പോലീസ് വകുപ്പിനുമാണ്.

(സി) വി. ഐ. പി. വാഹനങ്ങൾ ഉൾപ്പെടെ എല്ലാത്തരം വാഹനങ്ങളിൽ നിന്നുമുള്ള ശബ്ദശല്യം നിയന്ത്രിക്കുന്നതിനായി 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾ പ്രകാരം, സംസ്ഥാനത്ത് വാഹന വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങൾ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിവരങ്ങൾ ലഭ്യമല്ല.

**പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി**

366 (344) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ.പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണെന്ന് വിശദമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രാഥമിക പരിസ്ഥിതി സംരക്ഷണ പരിപാടികൾ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ നിർബന്ധ പദ്ധതിയായി ഉൾപ്പെടുത്തി നടപ്പാക്കുക, പ്രാദേശിക തലങ്ങളിലും സംസ്ഥാന തലത്തിലും സംസ്ഥാനത്തെ പരിസ്ഥിതി ശാസ്ത്രജ്ഞർ, ഈ മേഖലയിലെ മറ്റ് വിദഗ്ധർ എന്നിവരുടെ സഹായത്തോടെ അതത് പഞ്ചായത്ത് തലത്തിലും സംസ്ഥാന തലത്തിലും അനുയോജ്യവും ആവശ്യമുള്ളതുമായ പരിസ്ഥിതി സംരക്ഷണ പദ്ധതികൾ നടപ്പാക്കുക എന്നിവയാണ് മുഖ്യലക്ഷ്യം.

ഇത്തരം പദ്ധതികളുടെ നടത്തിപ്പിന് ഉപയുക്തമാക്കാവുന്ന കുടുംബശ്രീ, മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി മുതലായവ സർക്കാർ ആവിഷ്കൃത പദ്ധതികളുമായി യോജിപ്പിച്ചും പരിസ്ഥിതി സംരക്ഷണ മുൻകരുതലുകൾ വികസന പദ്ധതികളിൽ അവശ്യം ഉൾപ്പെടുത്തിയും പാരിസ്ഥിതിക ശോഷണം ഒഴിവാക്കുകയും പരിസ്ഥിതി പരിപാലനം സംബന്ധിച്ച അവബോധം എല്ലാ വിഭാഗം ജനങ്ങളിലും സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് അടുത്ത ലക്ഷ്യം.

കാലാവസ്ഥാ വ്യതിയാനം പോലെ ഏറ്റവും രൂക്ഷവും ദീർഘകാലാടിസ്ഥാനത്തിൽ ഏറ്റവും ഉയർന്ന ശാസ്ത്ര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തേണ്ടതുമായ മേഖലകളിൽ ലഭ്യമാക്കാവുന്ന വിദേശ സഹായം ഉൾപ്പെടെയുള്ള സാമ്പത്തിക സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുകയും പരിസ്ഥിതി സൗഹൃദപരമായ സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നതും ഒരു ലക്ഷ്യമാണ്.

(സി) പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതിയുടെ സംസ്ഥാനതല ഔദ്യോഗിക പ്രഖ്യാപനത്തിന്റേയും ഹരിതശ്രീ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനത്തിന്റെയും സംഘാടന ചുമതല പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിനായിരുന്നു. ഹരിതശ്രീ പദ്ധതിയുടെ ഭാഗമായി ലോക പരിസ്ഥിതി ദിനമായ 2014 ജൂൺ 5-ന് രാവിലെ 10.30-നും 11.30-നും ഇടയിൽ 10 ലക്ഷത്തിലധികം വൃക്ഷത്തൈകൾ കേരളമൊട്ടാകെ നട്ടുപരിപാലിക്കുന്ന ചുമതല സംസ്ഥാന വനം വകുപ്പിനും കുടുംബശ്രീ യൂണിറ്റുകൾക്കും വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമായിരുന്നു. പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുംവേണ്ടി ബഹുമാനപ്പെട്ട വനം പരിസ്ഥിതി വകുപ്പുമന്ത്രി ചെയർമാനും പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും ശ്രീ. ജോൺ സാമുവൽ വൈസ് ചെയർമാനുമായി കേരള എൻവയോൺമെന്റൽ കൺസൾട്ടേറ്റീവ് കമ്മിറ്റി (KECC) രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

GPM. 2/237/2020-114

LIBRARY ARCHIVES Kerala Legislative Assembly